**മധുരമായ കുട്ടികളേ– നിങ്ങളുടെ ബുദ്ധിയില്‍ ഇപ്പോള്‍ മുഴുവന്‍ ജ്ഞാനത്തിന്‍റേയും സാരമുണ്ട്, അതിനാല്‍ നിങ്ങള്‍ക്ക് ചിത്രങ്ങളുടെയും ആവശ്യമില്ല, നിങ്ങള്‍ ബാബയെ ഓര്‍മ്മിക്കൂ ഒപ്പം മറ്റുള്ളവരെക്കൊണ്ട് ഓര്‍മ്മിപ്പിക്കൂ.**

**ചോദ്യം–** അന്തിമ സമയത്ത് നിങ്ങള്‍ കുട്ടികളുടെ ബുദ്ധിയില്‍ ഏതൊരു ജ്ഞാനമാണ് ഇരിക്കുക?
**ഉത്തരം–** ആ സമയത്ത് ബുദ്ധിയില്‍ ഇത് തന്നെയുണ്ടാകും അതായത് ഇപ്പോള്‍ നമ്മള്‍ തിരിച്ച് വീട്ടിലേയ്ക്ക് പോവുകയാണ്. പിന്നീട് അവിടെ നിന്ന് സൃഷ്ടിചക്രത്തിലേയ്ക്ക് വരും. പതുക്കെ പതുക്കെ ഏണിപ്പടി താഴേയ്ക്കിറങ്ങും വീണ്ടും ഉയരുന്ന കലയിലേയ്ക്ക് കൊണ്ടുപോകുന്നതിനായി ബാബ വരും. ഇപ്പോള്‍ നിങ്ങള്‍ക്ക് അറിയാം ആദ്യം നമ്മള്‍ സൂര്യവംശിയായിരുന്നു പിന്നീട് ചന്ദ്രവംശിയാകും......... ഇതില്‍ ചിത്രങ്ങളുടെ ആവശ്യമില്ല.

**ഓം ശാന്തി**. കുട്ടികള്‍ ആത്മാഭിമാനി സ്ഥിതിയിലാണോ ഇരിക്കുന്നത്? 84 ന്‍റെ ചക്രം ബുദ്ധിയിലുണ്ട് അര്‍ത്ഥം തന്‍റെ വൈവിദ്ധ്യമായ ജന്മങ്ങളുടെ ജ്ഞാനമുണ്ട്. വിരാടരൂപത്തിന്‍റേയും ചക്രമുണ്ടല്ലോ. എങ്ങനെയാണ് നമ്മള്‍ 84 ജന്മങ്ങള്‍ എടുക്കുന്നത് എന്ന ജ്ഞാനവും നിങ്ങളിലുണ്ട്. ആത്മലോകത്തില്‍ നിന്നും ആദ്യമാദ്യം ദേവീ–ദേവതാ ധര്‍മ്മത്തിലേയ്ക്ക് വരുന്നു. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്, ഇതില്‍ ചിത്രത്തിന്‍റെ ഒരു ആവശ്യവുമില്ല. നമുക്ക് ഒരു ചിത്രത്തേയും ഓര്‍മ്മിക്കേണ്ടതില്ല. അവസാനം ഇതുമാത്രമേ ഓര്‍മ്മയുണ്ടാകൂ അതായത് ഞാന്‍ ആത്മാവാണ്, മൂലവതന വാസിയാണ്, ഇവിടെ നമ്മുടെ പാര്‍ട്ടുണ്ട്. ഇത് മറന്നുപോകരുത്. ഇത് മനുഷ്യ സൃഷ്ടിയുടെ ചക്രത്തിന്‍റെ തന്നെ കാര്യമാണ് മാത്രമല്ല വളരെ സഹജവുമാണ്. ഇതില്‍ ചിത്രങ്ങളുടെ ആവശ്യമേയില്ല എന്തുകൊണ്ടെന്നാല്‍ ഈ ചിത്രങ്ങളെല്ലാം ഭക്തിമാര്‍ഗ്ഗത്തിലെ വസ്തുക്കളാണ്. ജ്ഞാനമാര്‍ഗ്ഗത്തില്‍ പഠിപ്പാണ്. പഠിപ്പില്‍ ചിത്രങ്ങളുടെ ആവശ്യമില്ല. ഈ ചിത്രങ്ങളെ ശരിയാക്കി എന്നു മാത്രം. എങ്ങനെയാണോ അവര്‍ ഗീതയുടെ ഭഗവാന്‍ കൃഷ്ണനാണ് എന്ന് പറയുന്നത്, നമ്മള്‍ പറയുന്നു ശിവന്‍ എന്ന്. ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ബുദ്ധിയില്‍ ഈ ജ്ഞാനം ഉണ്ടാകും, നമ്മള്‍ 84 ജന്മങ്ങളുടെ ചക്രം കറങ്ങി. ഇപ്പോള്‍ നമുക്ക് പവിത്രമായി മാറണം. പവിത്രമായി വീണ്ടും പുതിയതായി ചക്രം കറങ്ങും. ഇതാണ് സാരം ഇത് ബുദ്ധിയില്‍ വെയ്ക്കണം. എങ്ങനെയാണോ ബാബയുടെ ബുദ്ധിയില്‍ വിശ്വത്തിന്‍റെ ചരിത്രവും ഭൂമിശാസ്ത്രവുമുള്ളത് അഥവാ 84 ജന്മങ്ങളുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനമുള്ളത് അതുപോലെ നിങ്ങളുടെ ബുദ്ധിയിലുമുണ്ട് നമ്മള്‍ ആദ്യം സൂര്യവംശിയും പിന്നീട് ചന്ദ്രവംശിയുമാണ്. ചിത്രങ്ങളുടെ ആവശ്യമില്ല. മനുഷ്യര്‍ക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി മാത്രമാണ് ഇത് നിര്‍മ്മിച്ചിരിക്കുന്നത്. ജ്ഞാനമാര്‍ഗ്ഗത്തിലാണെങ്കില്‍ ബാബ ഇത്രയേ പറയുന്നുള്ളു– മന്മനാഭവ. ഈ ചതുര്‍ഭുജ ചിത്രം അതുപോലെ രാവണന്‍റെ ചിത്രം ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കുന്നതിനായി കാണിക്കേണ്ടതായി വരുന്നു. നിങ്ങളുടെ ബുദ്ധിയിലാണെങ്കില്‍ യഥാര്‍ത്ഥ ജ്ഞാനമാണുള്ളത്. നിങ്ങള്‍ക്ക് ചിത്രമില്ലാതെയും മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും. നിങ്ങളുടെ ബുദ്ധിയില്‍ 84 ന്‍റെ ചക്രമുണ്ട്. ചിത്രങ്ങളിലൂടെ സഹജമായി മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും, ഇതിന്‍റെ ആവശ്യമില്ല. ബുദ്ധിയിലുണ്ട് ആദ്യം നമ്മള്‍ സൂര്യവംശിയിലായിരുന്നു പിന്നീട് ചന്ദ്രവംശിയിലേതായി. അവിടെ വളരെ അധികം സുഖമാണ്, അതിനെയാണ് സ്വര്‍ഗ്ഗം എന്ന് വിളിക്കുന്നത്, ഇത് ചിത്രങ്ങളിലൂടെ മനസ്സിലാക്കിത്തരുന്നു. അവസാനം ബുദ്ധിയില്‍ ഈ ജ്ഞാനം ഉണ്ടാകും. ഇപ്പോള്‍ നമ്മള്‍ തിരിച്ചുപോവുകയാണ്, വീണ്ടും ചക്രത്തില്‍ വരും. ഏണിപ്പടി ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു, അതിനാല്‍ മനുഷ്യര്‍ക്ക് സഹജമാകുന്നു. നമ്മള്‍ എങ്ങനെയാണ് ഏണിപ്പടി ഇറങ്ങുന്നത് എന്ന ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. പിന്നീട് ബാബ ഉയരുന്ന കലയിലേയ്ക്ക് കൊണ്ടുവരുന്നു. ബാബ പറയുന്നു ഞാന്‍ നിങ്ങള്‍ക്ക് ഈ ചിത്രങ്ങളുടെ സാരം മനസ്സിലാക്കിത്തരുന്നു. ചക്രം ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും– ഇത് 5000 വര്‍ഷത്തിന്‍റെ ചക്രമാണ്. അഥവാ ലക്ഷക്കണക്കിന് വര്‍ഷങ്ങളാണെങ്കില്‍ ജനസംഖ്യ എത്ര വര്‍ദ്ധിക്കുമായിരുന്നു. ക്രിസ്ത്യന്‍സിന്‍റേത് 2000 വര്‍ഷമാണ് കാണിക്കുന്നത്. ഇതില്‍ എത്ര മനുഷ്യരാണ്. 5000 വര്‍ഷങ്ങള്‍ക്കുള്ളില്‍ എത്ര മനുഷ്യരുണ്ടാകും. ഈ മുഴുവന്‍ കണക്കും നിങ്ങള്‍ പറയുന്നു. സത്യയുഗത്തില്‍ പവിത്രമായതിനാല്‍ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ഇപ്പോള്‍ എത്ര അധികമാണ്. ലക്ഷക്കണക്കിന് വര്‍ഷമുണ്ടായിരുന്നെങ്കില്‍ സംഖ്യയും എണ്ണാന്‍ പറ്റാത്തതാകുമായിരുന്നു. ക്രിസ്ത്യന്‍സിന്‍റെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോള്‍ കണക്ക് എടുക്കാന്‍ സാധിക്കുമല്ലോ. ഹിന്ദുക്കളുടെ ജനസംഖ്യ കുറവാണ് കാണിക്കുന്നത്. ക്രിസ്ത്യന്‍സ് കൂടുതലാണ്. ആരാണോ വളരെ നല്ല വിവേകശാലികളായ കുട്ടികള്‍ അവര്‍ക്ക് ചിത്രങ്ങളില്ലാതെയും മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും. ചിന്തിക്കൂ ഈ സമയത്ത് എത്ര അധികം മനുഷ്യരുണ്ട്. പുതിയ ലോകത്തില്‍ വളരെക്കുറച്ച് മനുഷ്യ

രേ ഉണ്ടാകൂ. ഇപ്പോൾ പഴയ ലോകമാണ്, ഇതിലാണ് ഇത്രയും മനുഷ്യരുള്ളത്. പിന്നീട് പുതിയ ലോകം എങ്ങനെയാണ് സ്ഥാപിതമാകുന്നത്. ആരാണ് സ്ഥാപിക്കുന്നത്, ഇത് ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ തന്നെയാണ് ജ്ഞാനസാഗരം. നിങ്ങൾ കുട്ടികൾക്ക് ഈ 84 ജന്മങ്ങളുടെ ചക്രത്തെ ഓർമ്മയിൽ വെച്ചാൽ മാത്രംമതി. ഇപ്പോൾ നമ്മൾ നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്ക് പോവുകയാണ്, എങ്കിൽ ഉള്ളിൽ സന്തോഷം ഉണ്ടാകില്ലേ. സത്യയുഗത്തിൽ ദുഃഖത്തിന്റെ ഒരു കാര്യവും ഉണ്ടാകില്ല. എന്തെങ്കിലും വസ്തു ലഭിക്കുന്നതിനായി പ്രയത്നം ചെയ്യേണ്ടി വരാൻ ലഭ്യമല്ലാത്ത ഒരു വസ്തുവും അവിടെയുണ്ടാകില്ല. ഇവിടെയാണെങ്കിൽ പ്രയത്നിക്കേണ്ടതായി വരുന്നു. ഈ മെഷീൻ വേണം, അത് വേണം............ അവിടെയാണെങ്കിൽ എല്ലാം റെഡിയായി ഉണ്ടാകും. മഹാരാജാവിന് മുന്നിൽ എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരിക്കും എന്നതുപോലെ. പാവങ്ങളുടെ പക്കൽ എല്ലാ സൗകര്യങ്ങളും ഉണ്ടാകില്ല. പക്ഷേ ഇത് കലിയുഗമാണ്, അതിനാൽ അസുഖങ്ങൾ മുതലായവ എല്ലാമുണ്ട്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് പുതിയ ലോകത്തിലേയ്ക്ക് പോകാൻ വേണ്ടിയാണ്. സ്വർഗ്ഗവും നരകവും ഇവിടെത്തന്നെയാണ് ഉള്ളത്.

ഈ സൂക്ഷ്മ വതനത്തിലേയ്ക്കുള്ള പോക്കും വരവും, ഇതും ഒരു നേരമ്പോക്കിനുള്ളതാണ്. കർമ്മാതീത അവസ്ഥ ഉണ്ടാകുന്നതുവരേയ്ക്കുള്ള ടൈം പാസിനുവേണ്ടിയുള്ള കളിയാണിത്. കർമ്മാതീത അവസ്ഥ വന്നാൽ കഴിഞ്ഞു. നിങ്ങൾക്ക് ഇതേ ഓർമ്മയുണ്ടാകൂ അതായത് ഞാൻ ആത്മാവ് 84 ജന്മങ്ങൾ പൂർത്തിയാക്കി, ഇപ്പോൾ ഞാൻ വീട്ടിലേയ്ക്ക് പോവുകയാണ്. പിന്നീട് വന്ന് സതോപ്രധാന ലോകത്തിൽ സതോപ്രധാനമായ പാർട്ട് അഭിനയിക്കും. ഈ ജ്ഞാനം ബുദ്ധിയിൽ ഉണ്ട്, ഇതിൽ ചിത്രങ്ങളുടെ ആവശ്യമില്ല. എങ്ങനെയാണോ വക്കീൽ, അവർ ഒരുപാട് പഠിക്കും, വക്കീലാകും, പിന്നീട് എന്ത് പഠിച്ചോ അത് അവസാനിച്ചു. പ്രാലബ്ധത്തിന്റെ റിസൾട്ട് വരും. നിങ്ങളും പഠിച്ച് പിന്നീട് രാജ്യം ഭരിക്കും. ഇവിടെ ജ്ഞാനത്തിന്റെ ആവശ്യമില്ല. ഈ ചിത്രങ്ങളിലേയും ശരിയും തെറ്റും എന്താണ് എന്നതും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു, ലക്ഷ്മീ നാരായണൻ ആരാണ്? ഈ വിഷ്ണു ആരാണ്? വിഷ്ണുവിന്റെ ചിത്രം കണ്ട് മനുഷ്യർ ആശയക്കുഴപ്പത്തിലാകുന്നു. മനസ്സിലാക്കാതെ ചെയ്യുന്ന പൂജയും വ്യർത്ഥമാകുന്നു, ഒന്നും മനസ്സിലാക്കുന്നില്ല. വിഷ്ണുവിനെ എങ്ങനെയാണോ മനസ്സിലാക്കാത്തത് അതുപോലെ ലക്ഷ്മീ നാരായണനേയും മനസ്സിലാക്കുന്നില്ല. ബ്രഹ്മാ– വിഷ്ണു– ശങ്കരന്മാരെയും മനസ്സിലാക്കുന്നില്ല. ബ്രഹ്മാവ് ഇവിടെയുണ്ട്, ഇവർ പവിത്രമായി മാറി ശരീരം ഉപേക്ഷിച്ച് പോകും. ഈ പഴയ ലോകത്തോട് വൈരാഗ്യമാണ്. ഇവിടെയുള്ള കർമ്മബന്ധനം ദുഃഖം നൽകുന്നതാണ്. ഇപ്പോൾ ബാബ പറയുന്നു തന്റെ വീട്ടിലേയ്ക്ക് പോകാം. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. ആദ്യം നിങ്ങൾ നിങ്ങളുടെ വീട്ടിലായിരുന്നു പിന്നീട് രാജധാനിയിലേയ്ക്ക് വന്നു, ഇപ്പോൾ ബാബ പാവനമാക്കി മാറ്റാനായി വീണ്ടും വന്നിരിക്കുന്നു. ഈ സമയത്ത് മനുഷ്യർ കഴിക്കുന്നതും കുടിക്കുന്നതും എത്ര മോശമായിരിക്കുന്നു. എന്തെല്ലാം സാധനങ്ങളാണ് കഴിക്കുന്നത്. അവിടെ ദേവതകൾ ഇങ്ങനെയുള്ള വസ്തുക്കൾ കഴിക്കുമോ. നോക്കൂ ഭക്തിമാർഗ്ഗം എങ്ങനെയാണെന്ന്, മനുഷ്യനെപ്പോലും ബലി നൽകുന്നു. ബാബ പറയും– ഇതും ഡ്രാമയിൽ ഉള്ളതാണ്. പഴയ ലോകത്തിൽ നിന്നും പിന്നീട് പുതിയതായി തീർച്ചയായും മാറണം. ഇപ്പോൾ നിങ്ങൾക്ക് അറിയാം– നമ്മൾ സതോപ്രധാനമായി മാറുകയാണ്. ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കുന്നില്ലേ, ഇതിൽ ചിത്രമില്ലെങ്കിൽ കൂടുതൽ നല്ലതാണ്. ഇല്ലെങ്കിൽ മനുഷ്യർ ഒരുപാട് ചോദ്യങ്ങൾ ചോദിക്കും. ബാബ 84 ജന്മങ്ങളുടെ ചക്രം മനസ്സിലാക്കിത്തന്നു. നമ്മൾ ഇങ്ങനെയാണ് സൂര്യവംശി, ചന്ദ്രവംശി, വൈശ്യവംശിയായി മാറുന്നത്, ഇത്രയും ജന്മം എടുക്കുന്നു. ഇത് ബുദ്ധിയിൽ വെയ്ക്കണം. നിങ്ങൾ കുട്ടികൾ സൂക്ഷ്മ വതനത്തിന്റെ രഹസ്യവും മനസ്സിലാക്കുന്നുണ്ട്, ധ്യാനത്തിലൂടെ സൂക്ഷ്മവതനത്തിലേയ്ക്ക് പോകുന്നു, പക്ഷേ ഇതിൽ ജ്ഞാനവുമില്ല, യോഗവുമില്ല. ഇത് ഒരു ആചാരം മാത്രമാണ്. എങ്ങനെയാണ് ആത്മാവിനെ വിളിക്കുന്നത് എന്ന് മനസ്സിലാക്കിത്തരുന്നു പിന്നീട് എപ്പോൾ ആത്മാവ് വരുന്നോ അപ്പോൾ കരയുന്നു, ഞാൻ ബാബ പറഞ്ഞത് അനുസരിച്ചില്ല എന്നു പറഞ്ഞ് പശ്ചാത്തപിക്കുന്നു. ഇതെല്ലാം കുട്ടികൾക്ക് പുരുഷാർത്ഥത്തിൽ മുഴുകണം, തെറ്റ് ചെയ്യരുത് എന്നത് മനസ്സിലാക്കിത്തരാൻ വേണ്ടിയുള്ളതാണ്. കുട്ടികളിൽ എപ്പോഴും ഈ ശ്രദ്ധയുണ്ടാവണം അതായത് എനിക്ക് എന്റെ സമയം സഫലമാക്കണം, വ്യർത്ഥമാക്കരുത് എങ്കിൽ മായയ്ക്ക് തെറ്റ് ചെയ്യിക്കാൻ സാധിക്കില്ല. ബാബയും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– സമയം വ്യർത്ഥമാക്കരുത്. വളരെപ്പേർക്ക് വഴി പറഞ്ഞുകൊടുക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. മഹാദാനിയായി മാറൂ. ബാബയെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ആരെല്ലാം വരുന്നുവോ അവർക്കെല്ലാം ഇത് മനസ്സിലാക്കിക്കൊടുക്കൂ ഒപ്പം 84 ന്റെ ചക്രം പറഞ്ഞുകൊടുക്കൂ. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത്, ചുരുക്കത്തിൽ മുഴുവൻ ചക്രവും ബുദ്ധിയിൽ വെയ്ക്കണം.

നിങ്ങൾ കുട്ടികൾക്ക് സന്തോഷമുണ്ടാകണം അതായത് ഇപ്പോൾ നമ്മൾ ഈ മോശമായ ലോകത്തു നിന്നും രക്ഷപ്പെടുകയാണ്. മനുഷ്യർ കരുതുന്നത് സ്വർഗ്ഗവും നരകവും ഇവിടെത്തന്നെയാണ് എന്നാണ്. ആർക്കെങ്കിലും വളരെ അധികം ധനം ഉണ്ടെങ്കിൽ അവർ സ്വർഗ്ഗത്തിലാണ് എന്ന് കരുതുന്നു. നല്ല കർമ്മം ചെയ്തിട്ടുണ്ട് അതിനാലാണ് സുഖം ലഭിച്ചത്. ഇപ്പോൾ നിങ്ങൾ വളരെ നല്ലകർമ്മം ചെയ്യുകയാണ് അതി നാൽ നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് സുഖം ലഭിക്കുന്നു. അവർ ഒരു ജന്മത്തിലേയ്ക്കാണ് ഞങ്ങൾ സ്വർഗ്ഗത്തിലാണ് എന്ന് കരുതുന്നത്. ബാബ പറയുന്നു അത് അല്പകാല സുഖമാണ്, നിങ്ങളുടേത് 21 ജന്മ ങ്ങളിലേയ്ക്കുള്ളതാണ്. അതിനാലാണ് ബാബ പറയുന്നത് എല്ലാവർക്കും വഴി പറഞ്ഞുകൊടുത്തുകൊ ണ്ടിരിക്കൂ. ബാബയുടെ ഓർമ്മയിലൂടെയേ നിരോഗിയാവൂ ഒപ്പം സ്വർഗ്ഗത്തിന്റെ അധികാരിയായി മാറൂ. സ്വർഗ്ഗത്തിൽ രാജധാനിയാണ്. അതിനേയും ഓർമ്മിക്കൂ. രാജധാനി ഉണ്ടായിരുന്നു ഇപ്പോഴില്ല. ഭാരത ത്തിന്റെ തന്നെ കാര്യമാണ്. ബാക്കി എല്ലാം ഉപകഥകളാണ്. അവസാനം എല്ലാവരും പോകും പിന്നീട് നമ്മൾ പുതിയ ലോകത്തിലേയ്ക്ക് വരും. ഇപ്പോൾ ഇത് മനസ്സിലാക്കിക്കൊടുക്കുന്നതിന് ചിത്രങ്ങളുടെ ആവശ്യമുണ്ടോ. ഇത് മനസ്സിലാക്കിക്കൊടുക്കുന്നതിന് മൂലവതനവും സൂക്ഷ്മവതനവും കാണിക്കുന്നു. മനസ്സിലാക്കിത്തരുന്നു ബാക്കി ചിത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലുള്ളവർ നിർമ്മിച്ചതാണ്. അതിനാൽ നമുക്കും ചിത്രത്തെ ശരിയാക്കി പറഞ്ഞുകൊടുക്കേണ്ടതായി വരുന്നു. ശരിയാക്കി പറഞ്ഞുകൊടുത്തി ല്ലെങ്കിൽ നിങ്ങൾ നാസ്തികരാണ് എന്നു പറയും. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം......... വാസ്തവത്തിൽ ഇതും ഡ്രാമയിൽ ഉള്ളതാണ്. ആരും ഒന്നും ചെയ്യുന്നില്ല. ശാസ്ത്രജ്ഞരും തങ്ങളുടെ ബുദ്ധികൊണ്ടാണ് എല്ലാം നിർമ്മിക്കുന്നത്. ബോംബുകൾ ഉണ്ടാക്കരുത് എന്ന് ആര് എത്രതന്നെ പറ ഞ്ഞാലും ആരുടെയെങ്കിലും പക്കൽ കൂടുതലുണ്ടെങ്കിൽ അത് സമുദ്രത്തിൽ കൊണ്ടിട്ടാൽ പിന്നെ മറ്റാരും ഉണ്ടാക്കില്ല. അവർ സൂക്ഷിച്ചുവെച്ചാൽ തീർച്ചയായും മറ്റുള്ളവരും ഉണ്ടാക്കും. ഇപ്പോൾ നിങ്ങൾക്ക് അറിയാം സൃഷ്ടിയുടെ വിനാശം തീർച്ചയായും ഉണ്ടാകണം. യുദ്ധം തീർച്ചയായും ഉണ്ടാകും. വിനാശം ഉണ്ടാകുന്നു പിന്നീട് നിങ്ങൾ രാജ്യം നേടും. ഇപ്പോൾ ബാബ പറയുന്നു– കുട്ടികളേ, എല്ലാവരുടേയും കല്യാണകാരിയായി മാറൂ.

കുട്ടികൾക്ക് തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിനായി ബാബ ശ്രീമതം നൽകുന്നു– മധുരമായ കുട്ടി കളേ, തന്റെ എല്ലാം ബാബയുടെ പേരിൽ സഫലമാക്കൂ. ചിലരുടേത് മണ്ണിൽ പോകും, ചിലരുടേത് രാജാവ് (സർക്കാർ) പിടിച്ചെടുക്കും......... ബാബ സ്വയം പറയുന്നു– കുട്ടികളേ, ഇതിൽ ചിലവ് ചെയ്യൂ, ഈ ആത്മീയ ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും തുറക്കൂ വളരെ അധികം പേരുടെ മംഗളമുണ്ടാകും. ബാബയ്ക്കായി നിങ്ങൾ ചിലവ് ചെയ്യുമ്പോൾ 21 ജന്മങ്ങളിലേയ്ക്കായി നിങ്ങൾക്ക് റിട്ടേൺ ലഭിക്കുന്നു. ഈ ലോകം അവ സാനിക്കാനുള്ളതാണ് അതിനാൽ എത്ര സാധിക്കുമോ അത്രയും ബാബയുടെ പേരിൽ സഫലമാക്കൂ. ശിവബാബയല്ലേ നാഥൻ. ഭക്തിമാർഗ്ഗത്തിലും നാഥന്റെ പേര് പറയാറില്ലേ. ഇപ്പോളാണെങ്കിൽ നേരിട്ടാണ്. അച്ഛന്റെ പേരിൽ വലിയ വലിയ യൂണിവേഴ്സിറ്റികൾ തുറന്നുകൊണ്ടേ പോകൂ എങ്കിൽ വളരെ അധികം പേരുടെ മംഗളം ഉണ്ടാകും. 21 ജന്മങ്ങളിലേയ്ക്ക് രാജ്യഭാഗ്യം നേടൂ. ഇല്ലെങ്കിൽ ഈ ധനവും സമ്പത്തു മെല്ലാം ഇല്ലാതാകും. ഭക്തിമാർഗ്ഗത്തിൽ അവസാനിക്കില്ല. ഇപ്പോൾ ഇല്ലാതാകാനുള്ളതാണ്. നിങ്ങൾ ചിലവ് ചെയ്യൂ, പിന്നീട് നിങ്ങൾക്കുതന്നെ തിരികെ ലഭിക്കും. ബാബയുടെ പേരിൽ എല്ലാവരുടേയും മംഗളം ചെയ്യൂ എങ്കിൽ 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് ലഭിക്കും. എത്ര നന്നായി മനസ്സിലാക്കിത്തരുന്നു പിന്നീട് ആരുടെ ഭാഗ്യത്തിലാണോ ഉള്ളത് അവർ ചിലവ് ചെയ്തുകൊണ്ടിരിക്കും. തന്റെ കുടുംബവും സംരക്ഷി ക്കണം. ബ്രഹ്മാബാബയുടെ പാർട്ടുതന്നെ ഇങ്ങനെയുള്ളതാണ്. പൂർണ്ണമായും ശക്തമായ ലഹരി കയറി. ബാബ ചക്രവർത്തീ പദം നൽകുകയാണെങ്കിൽ പിന്നെ കഴുതപ്പണി എന്തിനാണ്. നിങ്ങൾ എല്ലാവരും ചക്രവർത്തീ പദവി നേടാൻ ഇരിക്കുകയാണെങ്കിൽ പിന്നെ ഫോളോ ചെയ്യൂ. ഇവർ എങ്ങനെയാണ് എല്ലാം ഉപേക്ഷിച്ചത് എന്നത് അറിയാം. ലഹരി കയറി, ആഹാ! രാജപദവി ലഭിക്കുന്നു, അൽഫിന് അല്ലാഹുവിനെ ലഭിച്ചപ്പോൾ പങ്കാളിക്കും രാജപദവി നൽകി. രാജധാനിയുണ്ടായിരുന്നു, ഒട്ടും കുറവായിരുന്നില്ല. വളരെ നല്ല ജോലിയായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ഈ രാജപദവി ലഭിക്കുകയാണ് അതിനാൽ വളരെ അധികം പേരുടെ മംഗളം ചെയ്യണം. ആദ്യം ഭട്ടി നടത്തി പിന്നീട് ചിലർ പക്കാ തയ്യാറായി, ചിലർ പാകമാകാ തെയും ഇരുന്നു. ഗവൺമെന്റ് നോട്ട് അടിക്കും അത് ശരിയായില്ലെങ്കിൽ ഗവൺമെന്റിന് അത് കത്തിച്ചു കളയണം. മുമ്പാണെങ്കിൽ വെള്ളിക്കാശാണ് ഉണ്ടായിരുന്നത്. സ്വർണ്ണവും വെള്ളിയും ഒരുപാട് ഉണ്ടായി രുന്നു. ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ചിലരുടേത് രാജാവ് പിടിച്ചെടുക്കും, ചിലരു ടേത് കള്ളൻ കഴിക്കും, നോക്കൂ കള്ളന്മാരും എത്രയാണ്. പ്രകൃതിക്ഷോഭവും ഉണ്ടാകും. ഇത് രാവണ രാജ്യമാണ്. രാമരാജ്യം എന്ന് സത്യയുഗത്തെയാണ് പറയുന്നത്. ബാബ പറയുന്നു നിങ്ങളെ ഇത്രയും ഉയർന്നതാക്കി മാറ്റി എന്നിട്ടും എങ്ങനെ പാപ്പരായി മാറി! ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇത്രയും ജ്ഞാനം ലഭിച്ചുവെങ്കിൽ എത്ര സന്തോഷം ഉണ്ടാകണം. ദിനംപ്രതി ദിനം സന്തോഷം വർദ്ധിച്ചുകൊണ്ടിരിക്കും.

യാത്രയിൽ എത്രത്തോളം ലക്ഷ്യത്തിന് അടുത്ത് എത്തുന്നുവോ അത്രയും സന്തോഷം ഉണ്ടാകും. നിങ്ങൾക്ക് അറിയാം ശാന്തിധാമവും സുഖധാമവും മുന്നിൽ നിൽക്കുന്നുണ്ട്. വൈകുണ്ഠത്തിലെ വൃക്ഷം കാണാൻ കഴിയുന്നുണ്ട്. ഇപ്പോൾ എത്തിക്കഴിഞ്ഞു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) തന്റെ സമയത്തെ സഫലമാക്കുന്നതിൽ ശ്രദ്ധ നൽകണം. മായ തെറ്റ് ചെയ്യിക്കരുത്- ഇതിനായി മഹാദാനിയായി മാറി ഒരുപാടുപേർക്ക് വഴി പറഞ്ഞുകൊടുക്കുന്നതിൽ ബിസിയായിരിക്കൂ.

2) തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിനായി ബാബയുടെ പേരിൽ എല്ലാം സഫലമാക്കണം. ആത്മീയ യൂണിവേഴ്സിറ്റി തുറക്കണം.

## വരദാനം:- ഉയർന്നതിലും ഉയർന്ന ബാബയെ പ്രത്യക്ഷമാക്കുന്ന ശുഭവും ശ്രേഷ്ഠവുമായ കർമ്മധാരിയായി ഭവിക്കട്ടെ.

വലത് കൈ കൊണ്ടാണ് സദാ ശുഭവും ശ്രേഷ്ഠവുമായ കർമ്മങ്ങൾ ചെയ്യാറുള്ളത്. അതുപോലെ താങ്കൾ വലംകൈയ്യായ കുട്ടികൾ സദാ ശുഭവും ശ്രേഷ്ഠവുമായ കർമ്മധാരിയാകൂ, താങ്കളുടെ ഓരോ കർമ്മവും ഉയർന്നതിലും ഉയർന്ന ബാബയെ പ്രത്യക്ഷപ്പെടുത്തുന്നതായിരിക്കണം. എന്തുകൊണ്ടെന്നാൽ കർമ്മം തന്നെയാണ് സങ്കൽപ്പത്തെയും വാക്കിനെയും പ്രത്യക്ഷത്തെളിവിന്റെ രൂപത്തിൽ സ്പഷ്ടമാക്കുന്നത്. കർമ്മത്തെ എല്ലാവർക്കും കാണാൻ സാധിക്കും, കർമ്മത്തിലൂടെ അനുഭവം ചെയ്യാൻ സാധിക്കും, അതിനാൽ ആത്മീയ ദൃഷ്ടിയിലൂടെയാകട്ടെ, തന്റെ സന്തോഷത്തിലൂടെയാകട്ടെ, ആത്മീയതയുടെ മുഖത്തിലൂടെ ബാബയെ പ്രത്യക്ഷപ്പെടുത്തൂ- ഇതും കർമ്മം തന്നെയാണ്.

## സ്ലോഗൻ:- ആത്മീയതയുടെ അർത്ഥം ഇതാണ്- നയനങ്ങളിൽ പവിത്രതയുടെ തിളക്കവും മുഖത്ത് പവിത്രതയുടെ പുഞ്ചിരിയും ഉണ്ടായിരിക്കുക.

**അവ്യക്ത സൂചനകൾ:- സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
ഇക്കാലത്ത് സൂര്യന്റെ ശക്തി ശേഖരിച്ച് പല കാര്യങ്ങളും സഫലമാക്കാറുണ്ട്, അതേപോലെ താങ്കൾ സങ്കല്പത്തിന്റെ ശക്തി സംഭരിക്കൂ എങ്കിൽ മറ്റുള്ളവരിലും ബലം നിറച്ചുകൊടുക്കാൻ കഴിയും, അനേക കാര്യങ്ങൾ സഫലമാക്കാൻ സാധിക്കും. ആരാണോ ധൈര്യഹീനർ അവരെ വാക്കുകളോടൊപ്പം ശ്രേഷ്ഠ സങ്കല്പത്തിന്റെ സൂക്ഷ്മശക്തിയിലൂടെ ധൈര്യശാലികളാക്കി മാറ്റുക, ഇത് തന്നെയാണ് വർത്തമാന സമയത്തിന്റെ ആവശ്യകത.